# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5139

30.06.2014-ലെ മറുപടിക്ക്

## തടവുകാർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ നൽകൽ

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. വി.റ്റി.ബൽറാം
ശ്രീ. വർക്കല കഹാർ
ശ്രീ. കെ.ശിവദാസൻ നായർ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ബി) തടവുകാർക്ക് ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; തടവുകാർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം തൊഴിൽ സാധ്യതകൾ ജയിലുകളിൽ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | എ) യും ബി) യും | തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനവും, തൊഴിലും ജയിലുകളിൽ നല്കി വരുന്നു. വിവിധ തരത്തിലുള്ള തൊഴിൽ പരിശീലനം നല്കുന്നതുവഴി ശിക്ഷ കഴിഞ്ഞു ജയിൽ മോചിതരായി പോകുമ്പോൾ പ്രസ്തുത പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്ത് അവർക്ക് സ്വയംപര്യാപ്തത കൈവരിക്കുവാനും അതുവഴി മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാക്കുവാനും സാധിക്കുന്നു.<br>ഇതിനുവേണ്ടി വിവിധതരം തൊഴിൽ പദ്ധതികൾ വിവിധ ജയിലുകളിൽ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യോത്പാദന യൂണിറ്റുകൾ, ജയിൽ മാനുഫാക്ടറി, ഡയറി ഫാം, ഇഷ്ടിക നിർമ്മാണ യൂണിറ്റ്, ടെയ്‌ലറിംഗ് യൂണിറ്റ്, സോപ്പു നിർമ്മാണ യൂണിറ്റ് എന്നിവയിൽ തടവുകാർക്ക് തൊഴിൽ പരിശീലനം നല്കുന്നുണ്ട്. അപ്രകാരം അവർക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കുകയും വരുമാനം ലഭ്യമാവുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ